പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.284 — 26.2.2018 ൽ മറുപടിയ്ക്ക്

## എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ

ചോദ്യം — മറുപടി

ശ്രീ.എ. എൻ. ഷംസീർ — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം കാര്യങ്ങൾ ആണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ആയതിന്റെ പുരോഗതിക്കായി പുതിയ എന്തെങ്കിലും പദ്ധതി പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നവീകരിച്ച് ഒരു മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ (MCRC) ആക്കി ഉയർത്തുന്നതിനായി 56,00,000/-(അൻപത്തിയാറ് ലക്ഷം) രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് വിർച്വൽ റീഹാബിലിറ്റേഷൻ യൂണിറ്റ് ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ, ഫിസിയോ തെറാപ്പി സംവിധാനവും, സെൻസറി റൂം, കുട്ടികളെ കൊണ്ടുവരുന്നതിനുള്ള വാഹനസൗകര്യം എന്നിവയ്ക്കായാണ് 56,00,000/- (അൻപത്തിയാറ് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത്. സർക്കാരിന്റെ സ്റ്റോർസ് പർച്ചേസ് റൂൾസ് അനുസരിച്ച് ഉപകരണങ്ങൾ വാങ്ങി എരിഞ്ഞോളി MCRC ക്ക് ലഭ്യമാക്കാൻ 11/12/2017 കൂടിയ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ഇംപ്ലിമെന്റേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് ഇതനുസരിച്ചുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) 2018-19 ലെ ബഡ്ജറ്റിൽ പ്രസ്തുത സെന്ററിന്റെ വികസനത്തിന് എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ